**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2496** **12-10-2021 - ൽ മറുപടിയ്ക്ക്**

**സിമന്റിന് മേലുള്ള കുത്തക നിയന്ത്രണം ഒഴിവാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സിമന്റിന് മേലുള്ള കുത്തക നിയന്ത്രണം ഒഴിവാക്കുന്നതിനും അതുവഴി വിലക്കയറ്റം ഒഴിവാക്കുന്നതിനും വേണ്ടി സർക്കാർ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ? | (എ) | കേരളത്തിലെ സിമന്റ് വിപണിയുടെ 95% വും നിയന്ത്രിക്കുന്നത് സ്വകാര്യ സിമന്റ് ഉൽപാദകരാണ്. അയൽ സംസ്ഥാനങ്ങളിൽ അവർക്കാവശ്യമായ സിമന്റിന്റെ അളവിൽ കൂടുതൽ സിമന്റ് ഉൽപാദിപ്പിക്കുന്നുണ്ട്. കേരളത്തിലെ വിപണനത്തിനുണ്ടാകുന്ന ചെലവുകൾ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലായതും കേരളത്തിൽ സിമന്റിന്റെ വിലവർദ്ധനവിന് കാരണമാകുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നും സിമന്റ് റയിൽ/റോഡ് മാർഗ്ഗം എത്തിക്കേണ്ടിവരുന്നത് കേരളത്തിൽ സിമന്റിന്റെ വിലവർദ്ധനവിന് കാരണമാകാറുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കൂടുതൽ സിമൻറ് ഉൽപ്പാദിപ്പിച്ച് ഈ മേഖലയിൽ കൂടുതൽ ഇടപെടൽ നടത്തുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി മലബാർ സിമന്റ്സ് ലിമിറ്റഡിൽ സിമന്റ് ഉൽപ്പാദനം ഉയർത്തുന്നതിനും ട്രാവൻകൂർ സിമന്റിസ് ലിമിറ്റഡിൽ ഗ്രെ സിമന്റ് ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള നടപടികൾ മേൽ കമ്പനിയുടെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിച്ചു വരുകയാണ്. കമ്പനി നിലവിൽ ഉല്പാദിപ്പിച്ചു വരുന്ന വെള്ള സിമന്റ്സിന്റെ വില കഴിഞ്ഞ 3 വർഷമായി വർദ്ധിപ്പിച്ചിട്ടില്ല. പൊതുമേഖലയിലുള്ള മലബാർ സിമന്റ്സ് ലിമിറ്റഡിലും നിലവിലുള്ള കമ്പോള വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് സിമന്റ് വിപണനം നടത്തി വരുന്നത് . |

സെക്ഷൻ ഓഫീസർ